**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4342 — 17.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുവാനും, ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലിൽ കോതമംഗലം താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഡയാലിസിസ് സൗകര്യം 2017-18 ൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) | കോതമംഗലം താലൂക്ക് ആശുപത്രിയുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ; | (ബി) & (സി) | 22.04.2017 തീയതിയിലെ സ.ഉ.(എം.എസ്)നം.58/17 ഉത്തരവ് പ്രകാരം കോതമംഗലം താലൂക്കാശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ഇതനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിച്ച് ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ